**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2562** **06-10-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്ക് സ്പാർക്ക് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ പൊതു സർവീസിൽ ഉൾപ്പെട്ട വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് സ്പാർക്ക് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത വകുപ്പിലെ പി. എസ്. സി. മുഖേന നിയമനം ലഭിച്ച സ്ഥിര ജീവനക്കാരോട് ധനവകുപ്പ് അവഗണന കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ ആയത് പുന:പരിശോധിക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ പൊതു സർവീസിൽ ഉൾപ്പെട്ട **മുഴുവൻ ജീവനക്കാരുടെയും ശമ്പള ചെലവ് സ്പാർക്ക് വഴി മാറ്റുന്ന രീതി അവലംബിച്ചാൽ കാലക്രമേണ ശമ്പള വിതരണ ചുമതല സർക്കാരിൽ നിക്ഷിപ്തമാകുകയും ആനുപാതിക കിഴിവ് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ലെങ്കിൽ ആയതു സർക്കാരിന്റെ ഒരു വലിയ ആവർത്തന ബാധ്യതയായി തീരും, ഇതിനാൽ സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ടല്ലാതെ തനത് ഫണ്ടിൽ നിന്നോ, ധനസഹായത്തിൽ നിന്നോ ശമ്പളം നൽകുന്ന സ്ഥാപനങ്ങളുടെ ശമ്പളവിതരണത്തിനായാണ് 'ജി-സ്പാർക്ക്' സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്.**<br><br>**എങ്കിലും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ശമ്പള വിതരണവുമായും, സ്പാർക്കുമായും ബന്ധപ്പെട്ടുള്ള വിഷയം പരിശോധിക്കുന്നതിനായി 05.06.2025 ലെ സ.ഉ(സാധാ) നം.5022/2025/ധന, 26.06.2025 ലെ സ.ഉ(സാധാ) നം.5438/2025/ധന എന്നീ ഉത്തരവുകൾ പ്രകാരം രൂപീകരിച്ച കമ്മിറ്റി, പ്രസ്തുത വിഷയം പരിശോധിച്ചു വരുന്നു.**<br><br>**പ്രസ്തുത വകുപ്പിലെ പി.എസ്** സി. മുഖേന നിയമനം ലഭിച്ച സ്ഥിര ജീവനക്കാരോട് ധനവകുപ്പ് അവഗണന കാണിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.<br><br>ബാധകമല്ല. |

| | | | |
|---|---|---|---|
| (ബി) | തദ്ദേശ സ്വയംഭരണ പൊതുസർവീസിൽ ഉൾപ്പെട്ട പഞ്ചായത്ത് വകുപ്പിൽ ഹെഡ് ക്ലാർക്കിൽ നിന്നും ജൂനിയർ സൂപ്രണ്ടിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശിപാർശ എതിർക്കുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; പ്രസ്തുത ഫയൽ ധനവകുപ്പ് മടക്കി അയച്ചതിന്റെ കാരണം എന്തൊക്കെയാണ്; വിശദമാക്കുമോ? | (ബി) | **തദ്ദേശസ്വയംഭരണ പൊതു സർവ്വീസിൽ ഉൾപ്പെട്ട പഞ്ചായത്ത് വകുപ്പിലെ ഹെഡ് ക്ലാർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുന്നത് ചുവടെയുള്ള കാരണങ്ങളാൽ അംഗീകരിക്കാൻ കഴിയില്ല.**<br><br>1. ഒരു ശമ്പള പരിഷ്കരണ ഉത്തരവിൽ പറയുന്ന ആനുകൂല്യം ആ ഉത്തരവിന്റെ കാലയളവിൽ മാത്രമാണ് ബാധകം. അടുത്ത ശമ്പള പരിഷ്കരണ ഉത്തരവിൽ ആ ആനുകൂല്യം ഉൾപ്പെട്ടിട്ടില്ലങ്കിൽ ആ ആനുകൂല്യം അതോടെ അവസാനിച്ചു എന്ന് കണക്കാക്കുന്നതാണ് നിലവിലെ രീതി. കൂടാതെ ഇപ്പോഴുള്ളത് പതിനൊന്നാം ശമ്പള പരിഷ്കരണ കാലയളവാണ്. നാലാം ശമ്പള പരിഷ്കരണ കാലയളവിലെ ആനുകൂല്യം നൽകണമെന്ന ഭരണ വകുപ്പിന്റെ യുക്തി സ്വീകരിച്ചാൽ ധനപരവും ഭരണപരവുമായി അപ്രതീക്ഷിതമായ പ്രശ്നങ്ങൾ ഉണ്ടാകും<br><br>2. തദ്ദേശ വകുപ്പിൽ ഇക്കാലം വരെ എല്ലാ പഞ്ചായത്തുകളിലും ജൂനിയർ സൂപ്രണ്ട് തസ്തിക ഇല്ലായിരുന്നു. ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകളിലെ സ്റ്റാഫു കളുടേയും തസ്തികകളുടെയും എണ്ണം എല്ലാ കാലത്തും വ്യത്യസ്തമായിരുന്നു. ഇത് അടിയന്തിരമായി മാറ്റേണ്ട സാഹചര്യമില്ല. കൂടാതെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലും ഹെഡ്ക്ലാർക്ക് മാത്രമുള്ള പഞ്ചായത്തു കളിലും ഹെഡ് ക്ലാർക്കിന്റെ പ്രമോഷൻ തസ്തികയായ ജൂനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിനു തുല്യമായ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലുണ്ട്<br><br>3. വൺ റാങ്ക് വൺ പെൻഷൻ നടപ്പിലാക്കിയിരിക്കുന്നതിനാൽ ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുമ്പോൾ ഭാവിയിൽ സാമ്പത്തിക ബാധ്യതയുണ്ടാകും.<br><br>4. പഞ്ചായത്തുകൾക്ക് ശമ്പളം നൽകുവാനുള്ള ജനറൽ പർപ്പസ് ഗ്രാന്റ് എല്ലാ മാസവും സർക്കാരാണ് നൽകി വരുന്നത്. കൂടാതെ പഞ്ചായത്തിലെ ജീവനക്കാരുടെ പെൻഷൻ പൂർണമായും സർക്കാരാണ് നൽകി വരുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ അഭിപ്രായത്തിന് പ്രസക്തിയില്ല.<br><br>**ഇത്തരം വിഷയങ്ങൾ കാലാ കാലങ്ങളിൽ ബന്ധപ്പെട്ട ശമ്പള പരിഷ്കരണ കമ്മിഷനുകൾ** |

| | | | |
|---|---|---|---|
| | | | **നിർദേശിക്കുന്നതനുസരിച്ചാണ് നടപ്പിലാക്കുക. ആയതിനാൽ ഈ വിഷയം വരുന്ന ശമ്പള പരിഷ്കരണ കമ്മീഷനു മുന്നിൽ സമർപ്പിക്കുവാനുള്ള നിർദ്ദേശവും അറിയിച്ചിരുന്നു.** |

സെക്ഷൻ ഓഫീസർ